ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 30-01-2026**

## പ്രധാനവാർത്തകൾ

1. വികസിത രാഷ്ട്രങ്ങളുടെ ജീവിത നിലവാരത്തിലേക്ക് കേരളത്തെ ഉയർത്തുക എന്നത് യാഥാർത്ഥ്യമാക്കാൻ കഴിയുന്ന കാര്യമാണെന്ന് ലോക കേരളസഭയിൽ മുഖ്യമന്ത്രി പിണറായി വിജയൻ.

2. 2026-27 ലെ കേന്ദ്രബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ മറ്റന്നാൾ പാർലമെൻറിൽ അവതരിപ്പിക്കും.

3. എസ്.ഐ.ആർ കരടു വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട അവകാശവാദങ്ങളും പരാതികളും സമർപ്പിക്കാനുള്ള സമയപരിധി സംസ്ഥാനത്ത് ഇന്ന് അവസാനിക്കും.

4. രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 78-ാാം രക്തസാക്ഷിത്വ ദിനത്തിൽ ആദരാഞ്ജലികൾ അർപ്പിച്ച് രാജ്യം.

5. സംസ്ഥാനത്ത് സ്വർണ വില വീണ്ടും കുറഞ്ഞു. പവന് വില ഒരു ലക്ഷത്തി 24,080 രൂപയായി.

6. ഇന്ത്യ- ന്യൂസിലാൻഡ് ടി-20 പരമ്പരയിലെ അഞ്ചാം മത്സരം നാളെ തിരുവനന്തപുരത്ത്. നഗരത്തിൽ നാളെ ഉച്ച മുതൽ ഗതാഗത ക്രമീകരണം.

RNU TVPM

*************************************

## ലോക കേരള സഭ (ഇൻട്രോ)

വികസിത രാഷ്ട്രങ്ങളുടെ ജീവിത നിലവാരത്തിലേക്ക് കേരളത്തെ ഉയർത്തുക എന്നത് യാഥാർത്ഥ്യമാക്കാൻ കഴിയുന്ന ഒന്നാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നിയമസഭ മന്ദിരത്തിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ അഞ്ചാമത് ലോക കേരളസഭ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസ രംഗത്തെ പുരോഗതി മലയാളിയെ ലോകനിലവാരമുള്ള പ്രൊഫഷണലുകളാക്കി മാറ്റിയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കേരള സമൂഹത്തെയും സംസ്കാരത്തെയും സൃഷ്ടിക്കുന്നതിൽ കേരളത്തിന് പുറത്തുള്ളവർക്കും വലിയ പങ്കുണ്ടെന്നും പ്രതിനിധി സമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞു.

(വോയ്സ്- മുഖ്യമന്ത്രി)

ലോക കേരള സഭ സമീപന രേഖയും മുഖ്യമന്ത്രി സമർപ്പിച്ചു. സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ, എയർപോർട്ട് ഹെൽപ്പ് ഡസ്ക് ഷെർപ്പ പോർട്ടൽ, ലോക കേരളം ഓൺലൈൻ സേവനങ്ങൾ എന്നിവയുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. ലോകകേരളസഭയുടെ രണ്ടാം ദിന സമ്മേളനം നിയമസഭാ മന്ദിരത്തിലെ ആർ ശങ്കരനാരായണൻ തമ്പി ഹാളിലാണ് നടന്നത്. മേഖല യോഗങ്ങളുടെ റിപ്പോർട്ടിങ്ങ് അടക്കമുള്ള കാര്യ പരിപാടികൾ നാളെ നടക്കും.

RNU TVPM

************************************

## കേന്ദ്രബജറ്റ്

2026-27 സാമ്പത്തിക വർഷത്തിലേക്കുള്ള കേന്ദ്രബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ മറ്റന്നാൾ രാവിലെ 11 ന് പാർലമെൻറിൽ അവതരിപ്പിക്കും. ശ്രീമതി സീതാരാമൻ തുടർച്ചയായി അവതരിപ്പിക്കുന്ന ഒൻപതാമത്തെ ബജറ്റാണിത്. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ഇന്നലെ പാർലമെൻറിൻറെ മേശപ്പുറത്ത് വച്ചു. നടപ്പ് സാമ്പത്തിക വർഷത്തിൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥയ്ക്ക് കരുത്ത്

നിലനിർത്താനായതായി പറയുന്ന സാമ്പത്തിക സർവ്വെ റിപ്പോർട്ട് രാജ്യത്തിൻറെ മൊത്തം ആഭ്യന്തര ഉത്പാദനം 7.4 ശതമാനത്തിലെത്തുമെന്നും കണക്കാക്കുന്നു. പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ ആദ്യ ഘട്ടം അടുത്ത മാസം 13 വരെയും രണ്ടാം ഘട്ടം മാർച്ച് 9 മുതൽ ഏപ്രിൽ 2 വരെ നടക്കും.

*************************************

## തീവ്ര വോട്ടർ പട്ടിക

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി കരടു വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട അവകാശവാദങ്ങളും പരാതികളും സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. കരടു വോട്ടർ പട്ടികയിലുള്ള അനർഹരുടെ പേരു നീക്കം ചെയ്യുന്നതിന് 17,348 അപേക്ഷകൾ നേരിട്ടും പേര് ഉൾപ്പെടുത്തുന്നതിന് പ്രവാസികളിൽ നിന്നടക്കം 11 ലക്ഷത്തി 47,832 അപേക്ഷകളും ലഭിച്ചു. അന്തിമ വോട്ടർ പട്ടിക അടുത്തമാസം 21 ന് പ്രസിദ്ധീകരിക്കും.

RNU TVPM

*************************************

## രക്തസാക്ഷിത്വ ദിനം (ഇൻട്രോ)

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 78-ാം രക്തസാക്ഷിത്വ ദിനത്തിൽ ആദരാഞ്ജലികൾ അർപ്പിച്ച് രാജ്യം. ഗാന്ധിജി അന്ത്യവിശ്രമം കൊള്ളുന്ന ന്യൂഡൽഹിയിലെ രാജ്ഘട്ടിൽ ഇന്ന് സർവമത പ്രാർത്ഥന നടന്നു. ഒരു റിപ്പോർട്ട്........

(വോയ്സ്)

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 78-ാം രക്തസാക്ഷിത്വ ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള നേതാക്കൾ രാജ്ഘട്ടിലെത്തി ഗാന്ധിജിക്ക് ആദരം അർപ്പിച്ചു. വികസിതവും

സ്വയംപര്യാപ്തവുമായ ഇന്ത്യയ്ക്കായുള്ള സ്വദേശി പ്രസ്ഥാനത്തിന് ഗാന്ധിജി എക്കാലവും പ്രാധാന്യം നൽകിയിരുന്നതായി പ്രധാനമന്ത്രി അനുസ്മരിച്ചു. ഗാന്ധിജിയുടെ വ്യക്തിത്വവും പ്രവർത്തനങ്ങളും ജനങ്ങളെ കർത്തവ്യത്തിന്റെ പാതയിലൂടെ സഞ്ചരിക്കാൻ പ്രചോദിപ്പിക്കുമെന്നും ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. രക്തസാക്ഷിത്വ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തും ഇന്ന് അനുസ്മരണ പരിപാടികൾ നടന്നു. നിയമസഭാ സമുച്ചയത്തിൽ സ്ഥാപിച്ചിട്ടുള്ള മഹാത്മാഗാന്ധിയുടെ പ്രതിമയിൽ സ്പീക്കർ എ.എൻ ഷംസീർ പുഷ്പാർച്ചന നടത്തി. ഗാന്ധിജിയോടുള്ള ആദരസൂചകമായി രാജ്യമെമ്പാടും രണ്ട് മിനിറ്റ് നേരത്തെ മൗനാചരണവും ഇന്ന് നടന്നു.

ന്യൂസ് ഡസ്ക്, ആകാശവാണി

RNU TVPM

****************************************

## അശ്വിനി വൈഷ്ണവ്

ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടി ഫെബ്രുവരി 16 മുതൽ 20 വരെ ന്യൂഡൽഹിയിൽ നടക്കും. 100-ലേറെ സി.ഇഒ മാർ ഉച്ചകോടിയിൽ പങ്കെടുക്കുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ഇന്ത്യയിലെ നിർമിത ബുദ്ധി ആവാസ വ്യവസ്ഥയുടെ വികാസം പ്രചോദനം പകരും വിധമാണെന്ന് അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

****************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

****************************************

## അനൗൺസ് മെന്റ്

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷ നാളെ വരെ സമർപ്പിക്കാം. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് newsonair.gov.in, prasarbharati.gov.in/ pbvacancies എന്നിവ സന്ദർശിക്കുക.

***********************************

## മേയർ- വാർത്താ സമ്മേളനം

തിരുവനന്തപുരത്തെ തെരുവ് നായ പ്രശ്നം പരിഹരിക്കാനുള്ള നടപടികൾ ആരംഭിച്ചതായി മേയർ വി.വി രാജേഷ്. ആദ്യ ഘട്ടത്തിൽ 50 നായകളെ പിടികൂടി പൂവാറിൽ ഉള്ള സ്വകാര്യ ഷെൽട്ടറിലേക്ക് മാറ്റി. നായകളെ വന്ധ്യംകരിച്ചും വാക്സിൻ നൽകിയ ശേഷവുമാണ് ഷെൽട്ടറിലേക്ക് മാറ്റിയത്. ആവശ്യമുള്ള വാക്സിനുകൾ തുടർന്നും ലഭ്യമാക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

RNUTVPM

***********************************

## കോൺഫിഡന്റ് ഗ്രൂപ്പ് ഉടമ അന്തരിച്ചു

പ്രമുഖ ബിൽഡറും, കോൺഫിഡൻസ് ഗ്രൂപ്പ് ഉടമയുമായ സി ജെ റോയ് ജീവനൊടുക്കി. സ്വയം വെടി ഉതിർക്കുകയായിരുന്നു എന്നാണ് ലഭിക്കുന്ന വിവരം. ഇ ഡി റെയ്ഡിനിടെ ബാംഗളൂരുവിലെ ഓഫീസിലാണ് സംഭവം.

***********************************

## കുംഭമാസ പൂജ -ശബരിമല

കുംഭ മാസ പൂജകളുടെ ഭാഗമായി ശബരിമല ദർശനത്തിന് വെർച്വൽ ക്യൂ ബുക്കിംഗ് ഇന്നലെ മുതൽ ആരംഭിച്ചു. sabarimalaonline.org എന്ന

വെബ്സൈറ്റ് വഴി ഓൺലൈനായി സ്ലോട്ട് ബുക്ക് ചെയ്യാം. ഫെബ്രുവരി 12-ന് തുറന്ന് 17നാണ് നട അടയ്ക്കുക.

************************************

## വാട്ടർ വോളന്റീയർ ഗ്രൂപ്പ് -കണ്ണൂർ (ഇൻട്രോ)

ജലസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കണ്ണൂർ ജില്ലയിൽ വാട്ടർ വോളന്റീയർ ഗ്രൂപ്പ് സജീവമാകുന്നു. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ.**

**(വോയ്സ്)**

************************************

## ടി-20 പരമ്പര

ഇന്ത്യ- ന്യൂസിലാൻഡ് ടി 20 പരമ്പരയിലെ അഞ്ചാം മത്സരം നാളെ തിരുവനന്തപുരത്ത് നടക്കും.വൈകുന്നേരം 7 മണിക്ക് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് പോരാട്ടം. ക്രിക്കറ്റ് മൽസരത്തിന്റെ പശ്ചാത്തലത്തിൽ നഗരത്തിൽ സുരക്ഷാ സന്നാഹങ്ങൾ ശക്തമാക്കി. ഗ്രീൻ ഫീൽഡ് സ്റ്റേഡിയവും പരിസരവും ഇന്നും നാളേയും റെഡ് സോണായി പ്രഖ്യാപിച്ച് ഡ്രോണുകൾ, ലേസർ ബീം ലൈറ്റുകൾ തുടങ്ങിയവ നിരോധിച്ചിട്ടുണ്ട്. ക്രിക്കറ്റ് മത്സരവുമായി ബന്ധപ്പെട്ട് നാളെ ഉച്ചയ്ക്ക് 02.00 മണി മുതൽ രാത്രി 12.00 മണി വരെ നഗരത്തിൽ ഗതാഗതക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

************************************

## വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ്

RNU TVPM

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ഇന്ന് ഗുജറാത്ത് ജയൻറ്സ് മുംബൈ ഇന്ത്യൻസിനെ നേരിടും. വഡോദരയിൽ രാത്രി 7.30 നാണ് മത്സരം.

***********************************

## സ്വർണ വില

സംസ്ഥാനത്ത് സ്വർണ വില ഇന്ന് ഉച്ചയ്ക്ക് ശേഷം വീണ്ടും കുറഞ്ഞു. വ്യാഴാഴ്ച കുത്തനെ ഉയർന്ന സ്വർണ വില ഇന്ന് രാവിലെ 5,240 രൂപ കുറഞ്ഞ് 1,25,120 രൂപയിൽ എത്തിയിരുന്നു. ഉച്ചയോടെ ഇത് വീണ്ടും 1,040 രൂപ കുറഞ്ഞ് 1,24,080 രൂപയായി. ഒരു ഗ്രാം സ്വർണത്തിൻറെ വില 15, 510 രൂപയായി കുറഞ്ഞു.

***********************************

## ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 296 പോയിൻറ് താഴ്ന്ന് 82 ആയിരത്തി 269 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 98 പോയിൻറ് ഇടിഞ്ഞ് 25,320 ലും വ്യാപാരം അവസാനിപ്പിച്ചു .

RNUTVPM

***********************************

## സമുന്നതി ഇ-യാത്ര

മുന്നാക്ക സമുദായങ്ങളിലെ പിന്നാക്കം നിൽക്കുന്ന സ്ത്രീകളുടെ സാമ്പത്തിക സ്വയംപര്യാപ്തത ലക്ഷ്യമിട്ട് സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കുന്ന 'സമുന്നതി ഇ-യാത്ര' പദ്ധതിയ്ക്ക് തുടക്കമായി. ഇ-യാത്രയുടെ ഫ്ളാഗ് ഓഫ് കോർപ്പറേഷൻ ചെയർമാൻ കെ.ജി. പ്രേംജിത്ത് നിർവഹിച്ചു. ഇലക്ട്രിക് ഓട്ടോ വാങ്ങുന്നതിനായി മൂലധന സബ്സിഡിയായി ഒരു ലക്ഷം രൂപവരെ അല്ലെങ്കിൽ ലോൺ തുകയുടെ 40 ശതമാനം തുക അനുവദിക്കുന്നതാണ് പദ്ധതി.

**************************************

## ദേശീയ റോഡ് സുരക്ഷ-കൂട്ടയോട്ടം

ദേശീയ റോഡ് സുരക്ഷ മാസാചരണത്തിൻറെ സമാപന ദിവസമായ നാളെ കേരള പോലീസിൻറെ ട്രാഫിക് & റോഡ് സേഫ്റ്റി മാനേജ്മെൻറും തിരുവനന്തപുരം ഈസ്റ്റ് റോട്ടറി ക്ലബും സംയുക്തമായി സംഘടിപ്പിക്കുന്ന കൂട്ടയോട്ടം സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്ര ശേഖർ ഫ്ളാഗ് ഓഫ് ചെയ്യും.ക വടിയാറിൽ നിന്ന് ആരംഭിക്കുന്ന കൂട്ടയോട്ടം മാനവീയം വീഥിയിൽ സമാപിക്കും. മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ, എൻ.സിസി, എൻ.എസ്.എസ് കേഡറ്റുകൾ, ഉൾപ്പെടെ 300 ഓളം പേർ കൂട്ടയോട്ടത്തിൻറെ ഭാഗമാകും

**************************************

RNU TVPM

## എം.ബി.എ., എം.സി.എ. പ്രവേശനം

കൊല്ലം ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നടത്തുന്ന 2026 വർഷത്തെ എം.ബി.എ, എം.സി.എ കോഴ്സിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. പൊതുവിഭാഗത്തിനും എസ്.ഇ.ബി.സി വിഭാഗത്തിനും 1000 രൂപയും പട്ടികജാതി/പട്ടികവർഗ, ഭിന്നശേഷി വിഭാഗത്തിനും 500 രൂപയുമാണ് അപേക്ഷാഫീസ്. ഫെബ്രുവരി 15 വരെ ഓൺലൈൻ വഴി ഫീസ് അടയ്ക്കാം. അപേക്ഷകർ ഓൺലൈനായി www.lbscentre.kerala.gov.in ൽ രജിസ്റ്റർ ചെയ്യണം.

**************************************************************************************